# അമൃതയുടെ പഠനശിബിരം സമാപിച്ചു

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം അമൃത സ്കൂൾ ഓഫ് ആർട്സ് ആന്റ് സയൻസസിൽ രണ്ടു ദിവസം നീണ്ടുനിന്ന ഡിജിറ്റൽ യുഗത്തിലെ സിനിമ എന്ന ദ്വിദിന ശിൽപ്പശാല സമാപിച്ചു. പ്രശസ്ത സംവിധായകനും മാക്ട ഡയറക്ടേഴ്സ് യൂണിയന്റെ വൈസ് പ്രസിഡന്റുമായ എം.മോഹൻ, പ്രശസ്ത സംവിധായകൻ റോഷൻ ആൻഡ്രൂസ് എന്നിവർ സമാപന സമ്മേളനത്തിൽ മുഖ്യാതിഥികളായിരുന്നു. തിരക്കഥാകൃത്ത് ജോൺപോൾ അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ബ്രഹ്മചാരി നിർവാണാമൃത ചൈതന്യ സന്നിഹിതനായിരുന്നു. അമൃത സ്കൂൾ ഓഫ് ആർട്സ് ആന്റ് സയൻസസ് ഡയറക്ടർ ഡോ. യു.കൃഷ്ണകുമാർ സ്വാഗതപ്രസംഗവും ജോൺപോൾ നന്ദി പ്രകാശനവും നടത്തി. കെഎസ്എഫ്ഡിസി ചെയർമാനായി നിയമിതാനായ കെ.ജി.ജോർജിനെയും കേരള ലളിതകലാ അക്കാദമി ഫെലോഷിപ്പ് ലഭിച്ച ആർട്ടിസ്റ്റ് കലാധരനെയും ഈ അവസരത്തിൽ പൊന്നാട നൽകി ആദരിച്ചു.

ശിൽപ്പശാലയിൽ പങ്കെടുത്തവർക്ക് മുഖ്യാതിഥികൾ സർട്ടിഫിക്കറ്റും ഉപഹാരവും നൽകി. പ്രഗത്ഭ ഛായാഗ്രാഹകനായ സണ്ണി ജോസഫ്, സംവിധായകനും കെഎസ്എഫ്ഡിസി ചെയർമാനുമായ കെ.ജി.ജോർജ്, സംവിധായകനായ റോഷൻ ആൻഡ്രൂസ്, തിരക്കഥാകൃത്തും സംവിധായകനുമായ ബി.ഉണ്ണികൃഷ്ണൻ, തിരക്കഥാകൃത്ത് ജോൺ പോൾ, റീഡിയോഗ്രാഫർ രാധാരമണൻ തുടങ്ങിയ പ്രമുഖരാണ് ശിൽപ്പശാലയിൽ ക്ലാസുകളെടുത്തത്.